82 (2460) "ഭരണാനുമതി ലഭിച്ച വർക്കുകൾ ആരംഭിക്കാൻ നടപടി"

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000-ാം മാണ്ടിലെ നിയമസഭയിൽ അംഗീകരിച്ചതും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച ഭരണാനുമതിയുള്ളതുമായ വർക്കുകൾ എസ്റ്റിമേറ്റ് എടുത്ത് ടെൻഡർ നടപടികൾ ആരംഭിക്കാൻ ജൂൺ മാസമായിട്ടും മരാമത്തുവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ തയ്യാറായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംഗീകരിച്ച മരാമത്തു പണികൾ നടത്താനുള്ള സാങ്കേതിക നടപടികൾ ആരംഭിക്കാൻ വകുപ്പിന് കർശന നിർദ്ദേശം നൽകുമോ;

(സി) കായംകുളം മണ്ഡലത്തിലെ 1998-1999 ലെ മുട്ടം-കായംകുളം റോഡിന്റെ പണി ബഡ്ജറ്റ് വിഹിതം ഉണ്ടായിട്ടും നാളിതു വരെ ആരംഭിക്കാത്തതിനെപ്പറ്റി അന്വേഷിച്ച് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടെങ്കിലും അടങ്കൽ തുകയുടെ 20 ശതമാനമെങ്കിലും ബഡ്ജറ്റ് വിഹിതമായി ലഭിക്കാതിരുന്ന വർക്കുകൾ ടെൻഡർ വിളിക്കാൻ കഴിഞ്ഞിട്ടില്ല. ദേശീയ പാതാ വിഭാഗത്തിൽ 1999-2000-ാം മാണ്ടിലെ ബഡ്ജറ്റിൽ ഭരണാനുമതി നൽകി പ്രഖ്യാപിച്ചിട്ടുള്ള പ്രോജക്ടുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുതായി ഭരണാനുമതി ലഭിച്ച ഏതാനും പ്രോജക്ടുകളുടെ ജോലി തുടങ്ങി വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. മറ്റ് ചില ജോലികളുടെ കരാറുകാരുടെ പ്രീ ക്വാളിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്നവയുടെ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു. കെട്ടിടങ്ങളും പ്രാദേശിക ജോലികളും വിഭാഗത്തെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(സി) പ്രസ്തുത ജോലിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.

83 (2461) കോൺട്രാക്ടർമാരുടെ സമരം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏതെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചാണ് ഗവൺമെന്റ് കോൺട്രാക്ടർമാർ സമരം നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

നിലവിൽ, ഗവൺമെന്റ് കോൺട്രാക്ടർമാർ സമരം നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

84 (2462) "സംസ്ഥാനത്ത് സി.പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയർ ആഫീസ് "

ശ്രീ. കെ. സി. ജോസഫ് :

LIBRARY ARCHIVES Kerala Legislative Assembly